# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5690 — 09/07/2012 -ൽ മറുപടിക്ക്

## സ്കൂൾ കുട്ടികൾക്ക് പോഷകാഹാരങ്ങൾ വിതരണം ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് പോഷകാഹാരങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ നൽകുന്ന പോഷകാഹാരങ്ങൾ എന്തെല്ലാമാണെന്നും അവയുടെ അളവ് എത്ര വീതമാണെന്നും വ്യക്തമാക്കുമോ; | (എ) നൽകുന്നുണ്ട്. 1 മുതൽ 5 വരെ ക്ലാസ്സിലെ കുട്ടികൾക്ക് 100 ഗ്രാം അരിയും, 6 മുതൽ 8 വരെ ക്ലാസ്സിലെ കുട്ടികൾക്ക് 150 ഗ്രാം അരിയും, 1 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾക്ക് 30 ഗ്രാം പയറും 8-ലെ കുട്ടികൾക്ക് 50 ഗ്രാം പയറും കൂടാതെ 1 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം ഒരു മുട്ടയും 1 മുതൽ 8 വരെ ക്ലാസ്സിലെ കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം 150 മി.ലി. പാലും പച്ചക്കറികളും. |
| (ബി) ഈ അദ്ധ്യയന വർഷം ആരംഭിച്ചതിനുശേഷം എത്ര ദിവസം എത്ര അളവിൽ വീതം സ്കൂൾ കുട്ടികൾക്ക് പോഷകാഹാരങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ഈ അദ്ധ്യയനവർഷം മുതൽ അരി ഒഴികെയുള്ള എല്ലാ പോഷകാഹാരങ്ങളും കുട്ടികൾക്ക് നൽകുന്നതിന് ഓരോ കുട്ടിക്കും ഒരു നിശ്ചിത തുക സ്ക്കൂൾ അധികൃതർക്ക് നേരിട്ട് നൽകുന്നുണ്ട്. ടി തുക ഉപയോഗിച്ച് പോഷക സമൃദ്ധമായ ഭക്ഷണം കുട്ടികൾക്ക് നൽകുന്നതിന് പ്രധാനാദ്ധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) വിദ്യാർത്ഥികൾക്ക് ഇനിയും പോഷകാഹാരം നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ